**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4670** **10-08-2021 - ൽ മറുപടിയ്ക്ക്**

**മാതിരപ്പിള്ളി ഗവ. വി.എച്ച്.എസ്.എസ്. ൽ സ്പോർട്സ് ഹോസ്റ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ മാതിരപ്പിള്ളി ഗവ. വി.എച്ച്.എസ്. സ്കൂളിൽ സ്പോർട്സ് ഹോസ്റ്റൽ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | സംസ്ഥാന സ്കൂൾ കായിക മേളയിൽ സർക്കാർ തലത്തിൽ ഒന്നാം സ്ഥാനത്തും പൊതുവിൽ നാലാം സ്ഥാനത്തും എത്തിക്കൊണ്ടിരിക്കുന്ന പ്രസ്തുത സ്കൂളിലെ കുട്ടികൾ ഇവിടെ സ്പോർട്സ് ഹോസ്റ്റൽ ഇല്ലാത്തതിനാൽ കോതമംഗലം എം.എ. അക്കാദമിയിൽ ആണ് പരിശീലനം നടത്തുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) | പ്രസ്തുത അക്കാദമിയിൽ പരിശീലനം നടത്തുന്നതിനാൽ ഇപ്പോൾ ചാമ്പ്യൻഷിപ്പിനുവേണ്ടി സ്കൂളിന്റെ പേര് പരിഗണിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.കേരള സ്കൂൾ സ്പോർട്സ് & ഗെയിംസ് മാന്വൽ പ്രകാരം സ്പോർട്സ് കൗൺസിലിന്റെ സ്പോർട്സ് ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക്, സംസ്ഥാന തലത്തിലെ മത്സരങ്ങളിൽ ലഭിക്കുന്ന പോയിന്റുകൾ അതാത് റവന്യൂ ജില്ലയുടെ പോയിന്റ് ആയി പരിഗണിക്കാനേ വ്യവസ്ഥയുള്ളൂ. |
| (ഡി) | സ്കൂൾ കായികമേളയിൽ മികച്ച പ്രകടനം തുടർച്ചയായി നടത്തിവരുന്ന പ്രസ്തുത സ്കൂളിൽ സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | (ഡി) | കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ നിന്നും നിർദ്ദേശം സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ